# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

### വൃക്ക മാറ്റിവയ്ക്കുന്നതിന് ധനസഹായം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2595 — 27.01.2014 - ൽ മറുപടിയ്ക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടില്ല. |
| ബി) | വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവരുന്ന രോഗികളെ സഹായിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത് എന്ന് അറിയിക്കാമോ; | ബി) | തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം സർക്കാർ മെഡിക്കൽ കോളേജുകളിൽ മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ ചെലവിൽ വൃക്ക മാറ്റിവയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ജീവനുള്ള ദാതാക്കളിൽ നിന്നും മാറ്റി വയ്ക്കാനുള്ള വൃക്ക ലഭിക്കാത്ത സാഹചര്യത്തിൽ മസ്തിഷ്ക മരണം സംഭവിക്കുന്നവരിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യാനുള്ള KNOS എന്ന വെബ്സൈറ്റും മൃതസഞ്ജീവനി എന്ന പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകേണ്ടിവരുന്ന രോഗികൾക്ക് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിലൂടെ 20,000/- രൂപ വരെ സാമ്പത്തിക സഹായവും നൽകുന്നു. |
| സി) | വൃക്കമാറ്റിവയ്ക്കുന്ന രോഗികൾക്ക് അതിനുവേണ്ട സാമ്പത്തികച്ചെലവ് സർക്കാരാണോ വഹിക്കുന്നത് എന്നും ഇല്ലെങ്കിൽ ഇപ്രകാരമുള്ള ചെലവിന്റെ എത്ര ശതമാനം സർക്കാർ വഹിക്കുന്നു എന്നും വ്യക്തമാക്കാമോ; | സി) | ബി.പി.എൽ വിഭാഗത്തിൽപെട്ട രോഗികൾക്ക് 2 ലക്ഷം രൂപവരെയുള്ള ചെലവ് സർക്കാരാണ് വഹിക്കുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയാസംബന്ധമായ ചെലവ് വരുന്നില്ല. |

| | | | |
|---|---|---|---|
| ഡി) | വൃക്ക മാറ്റിവയ്ക്കുന്ന രോഗികൾക്ക് ശസ്ത്രക്രിയയ്ക്ക് മുമ്പ് ഡയാലിസിസ് നടത്തുന്നതിനും മറ്റ് ചികിത്സാ ചെലവുകൾക്കും ഉള്ള തുക സർക്കാർ നൽകാറുണ്ടോ; വിശദവിവരം നൽകാമോ; | ഡി) യും ഇ) യും | ശസ്ത്രക്രിയ തീരുമാനിച്ച രോഗികൾക്ക് അതിനു മുമ്പുള്ള ഡയാലിസിസും തുടർന്നുള്ള ചികിത്സയും ഉൾപ്പെടെയാണ് മേൽപ്പറഞ്ഞ 2 ലക്ഷം രൂപയുടെ ആനുകൂല്യം നൽകിവരുന്നത്. |
| ഇ) | വൃക്ക മാറ്റി വച്ച് കഴിഞ്ഞാലും തുടർന്നുള്ള കാലയളവിൽ വൻ ചെലവ് വരുന്ന ചികിത്സകൾക്കാണ് വൃക്കരോഗികൾ വിധേയരാകേണ്ടിവരുന്നത് എന്ന് ബോദ്ധ്യമായിട്ടുണ്ടോ; ഇതിലേക്കുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ